REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 14-09-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **ഇന്ന് ദേശീയ ഹിന്ദി ദിവസ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത്ഷായും, വിദേശകാര്യമന്ത്രി ഡോ S ജയശങ്കറും ജനങ്ങൾക്ക് ആശംസകൾ നേർന്നു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ 18,530 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.**
- **പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും.**
- **ഇന്ന് ശ്രീകൃഷ്ണജയന്തി. ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ വൈകിട്ട് 11,500-ഓളം ശോഭായാത്രകൾ.**
- **ഇന്ത്യ - ഓസ്ട്രേലിയ ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക്.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ ഹിന്ദി ദിവസ്. 1949 സെപ്തംബർ 14 ന് ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായി ഹിന്ദിയെ അംഗീകരിച്ചതിന്റെ ഓർമ്മയ്ക്കാണ് ഹിന്ദി ദിവസ് ആചരിക്കുന്നത്. ഹിന്ദി: ഐക്യത്തിന്റെയും സാംസ്കാരിക അഭിമാനത്തിന്റെയും ആഗോള ശബ്ദം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

പ്രധാനമന്ത്രി നരേന്ദ്ര മോദി ഹിന്ദി ദിവസിൽ ജനങ്ങൾക്ക് ആശംസ നേർന്നു. ഹിന്ദിഭാഷ കേവലം ആശയവിനിമയ ഉപാധിയല്ലെന്നും, രാജ്യത്തിന്റെ സ്വത്വത്തിന്റെയും മൂല്യങ്ങളുടെയും  ഉജ്ജ്വല പൈതൃകമാണെന്നും അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.  ഹിന്ദി ഭാഷയ്ക്ക് ആഗോളതലത്തിൽ ലഭിക്കുന്ന ബഹുമാന്യത രാജ്യത്തിന്റെ അഭിമാനത്തിനും പ്രചോദനത്തിനും മുതൽക്കൂട്ടാണെന്നും പ്രധാനമന്ത്രി വിലയിരുത്തി. ഹിന്ദിയെ സമ്പുഷ്ടമാക്കാനും, വരുംതലമുറകളിലേക്ക് അതിന്റെ അഭിമാനം പകരാനും പ്രധാനമന്ത്രി പൗരന്മാരെ ആഹ്വാനം ചെയ്തു.

ദിനാചരണത്തോട് അനുബന്ധിച്ച് ഗുജറാത്തിലെ ഗാന്ധിനഗറിൽ അഞ്ചാമത് അഖില ഭാരതീയ രാജ്ഭാഷാ സമ്മേളനം  കേന്ദ്ര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും.  ഹിന്ദി രാജ്യത്തെ എല്ലാ ഭാഷകൾക്കും ഭാഷാ ഭേദങ്ങൾക്കുമിടയിലെ പാലമായി ദേശീയ ഐക്യം ശക്തിപ്പെടുത്തുമെന്ന് അമിത്ഷാ സാമൂഹികമാധ്യമത്തിൽ കുറിച്ചു.

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറും ജനങ്ങൾക്ക് ഹിന്ദി ദിവസ് ആശംസകൾ നേർന്നു. രാജ്യത്തിന്റെ സംസ്കാരത്തിലും പാരമ്പര്യത്തിലും ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന താൽപ്പര്യത്തിന്റെ  പ്രധാന ഘടകമാണ്  ഹിന്ദി എന്ന് ജയശങ്കർ സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ 18,530 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾക്കും, വ്യവസായ വികസന പദ്ധതികൾക്കും തുടക്കമിടും. അടിസ്ഥാന മേഖലാ പദ്ധതികൾക്ക് ഡറാങിൽ നരേന്ദ്രമോദി തറക്കല്ലിടും. മെഡിക്കൽ കോളജും, നഴ്സിംഗ് കോളജും ഉൾപ്പെടെ ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്ന സ്ഥാപനങ്ങളാണ് ഡറാങിൽ നിർമ്മിക്കുന്നത്. തുടർന്ന് ഗോളാഘട്ടിൽ അസം ബയോ എഥനോൾ നിർമ്മാണ ശാല അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും.  അന്തരിച്ച മുൻ മുഖ്യമന്ത്രി V.S അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് ആദ്യ ദിവസം സഭ പിരിയും. അടുത്ത മാസം 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ സമ്മേളിക്കുന്നത്.

✪✪✪

ഇന്ന് ശ്രീകൃഷ്ണജയന്തി. ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വൈകിട്ട് 11,500-ഓളം ശോഭായാത്രകൾ സംഘടിപ്പിക്കും. രണ്ടരലക്ഷം കുട്ടികൾ കൃഷ്ണവേഷം ചാർത്തി ഘോഷയാത്രയിൽ പങ്കെടുക്കും.  തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, കോട്ടയം,ഗുരുവായൂർ, ആറന്മുള തുടങ്ങിയ സ്ഥലങ്ങളിൽ വിപുലമായ ശോഭായാത്ര സംഗമങ്ങളും നടത്തും.

കോഴിക്കോട്ട് വൈകിട്ട് മൂന്നരയോടെ വെള്ളയിൽ പുതിയകടവ് ഗണപതി ക്ഷേത്രത്തിൽ നിന്ന് ആരംഭിക്കുന്ന ശോഭയാത്ര മുതലക്കുളത്തെ അമ്പാടി എന്ന വേദിയിൽ സമാപിക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ മലയാളികൾക്ക് ശ്രീകൃഷ്ണ ജയന്തി ആശംസ നേർന്നു. സത്യത്തിന്റെയും ധർമ്മത്തിന്റെയും വിജയത്തിനായി സമർപ്പിക്കുന്നതിന് പ്രേരകമായ ഒന്നാവട്ടെ ഈ വർഷത്തെ ശ്രീകൃഷ്ണ ജയന്തി എന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമിരോഹിണി വള്ളസദ്യ ആരംഭിച്ചു. വലിയ ഭക്തജനത്തിരക്കാണ് ക്ഷേത്രത്തിൽ അനുഭവപ്പെടുന്നത്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

........(വോയ്സ്)...................

✪✪✪

രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശുപത്രി സന്ദർശനങ്ങൾ സുഗമമാക്കുന്നതിന് സ്മാർട്ട് ഇൻഡോർ നാവിഗേഷൻ മൊബൈൽ ആപ്ലിക്കേഷൻ കേന്ദ്ര മന്ത്രി JP നദ്ദ പുറത്തിറക്കി. ഡോക്ടർ ക്യാബിനുകൾ, ലാബുകൾ, മറ്റ് വകുപ്പുകൾ എന്നിവ വേഗത്തിൽ കണ്ടെത്താൻ സഹായി ക്കുകയാണ് ലക്ഷ്യം.

✪✪✪

ആരോഗ്യ ഇൻഷുറൻസ് മേഖലയ്ക്ക് അനുവദിച്ച പൂർണ GST ഇളവ് രാജ്യത്തെ ഇൻഷുറസ് പരിരക്ഷ സമൂഹത്തിൽ കൂടുതൽ വ്യാപിക്കാൻ അവസരമൊരുക്കുമെന്ന് വിലയിരുത്തുന്നു. നേരത്തെ 18 ശതമാനം GST ഈടാക്കിയിരുന്ന ഇൻഷുറൻസ് പ്രീമിയത്തിന് പകരം, ഈ മാസം 22 മുതൽ അടിസ്ഥാന ഇൻഷുറൻസ് മാത്രം നൽകിയാൽ മതി. മുതിർന്ന പൗരന്മാർക്കും, വിരമിച്ചവർക്കും വരുംതലമുറ GST പരിഷ്ക്കരണം വലിയൊരളവിൽ ഗുണപ്രദമാകും.

ഉയർന്ന പ്രീമിയം കൊണ്ട് ഇൻഷുറൻസ് പരിരക്ഷ നേടാത്തവർ GST ഇളവിന്റെ സാഹചര്യത്തിൽ ഈ രംഗത്ത് കൂടുതൽ സജീവമാകും എന്ന് കണക്കാക്കുന്നു. ഇതോടെ വ്യക്തികൾക്കും കുടുംബങ്ങൾക്കും കൂടുതൽ സാമ്പത്തിക സുരക്ഷ ലഭ്യമാകും. ഇടത്തരം കുടുംബങ്ങൾ ആരോഗ്യഇൻഷുറൻസിനോട് കൂടുതൽ ആഭിമുഖ്യം കാണിക്കാനും, ചികിത്സകൾക്കാവശ്യമായ വലിയ ചെലവുകൾ വെട്ടിക്കുറയ്ക്കാനും GST എടുത്തുകളഞ്ഞ നടപടി പ്രയോജനകരമാവും.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് സമയപരിധി നാളെ അവസാനിക്കും. റിട്ടേൺ സമർപ്പണത്തിന് കാലതാമസമുണ്ടായാൽ പിഴയും പലിശയും ഈടാക്കും.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട്ട് ചികിൽസയിൽ കഴിയുന്ന എല്ലാവരുടേയും ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു. 10 പേരാണ് ചികിത്സയിൽ. രോഗം ഭേദമായതിനെ തുടർന്ന് ഇന്നലെ ഒരാളെ ഡിസ്ചാർജ് ചാർജ് ചെയ്തു. ആരോഗ്യനിലയിലെ പുരോഗതിയെ തുടർന്ന് കാസർഗോഡ് സ്വദേശിയെ വാർഡിലേക്ക് മാറ്റി.

✪✪✪

മനുഷ്യരെ ആക്രമിക്കുന്ന വന്യമൃഗങ്ങളെ കൊല്ലാൻ ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകിയത് മന്ത്രിസഭയുടെ സുപ്രധാന തീരുമാനമാണെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. വന്യജീവി ആക്രമണത്തിൽ പൊറുതി മുട്ടുന്ന ജനങ്ങൾക്ക് ആശ്വാസകരമായ തീരുമാനമാണിതെന്ന് അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് അബുദാബിയിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ വിമാനം പക്ഷിയിടിച്ചതിനെ തുടർന്ന് തിരിച്ചിറക്കി. രാവിലെ 6.30ന് പുറപ്പെട്ട വിമാനമാണ് 45 മിനിട്ടിന് ശേഷം തിരിച്ചിറക്കിയത്. 180 യാത്രക്കാരും സുരക്ഷിതരാണ്. വിമാനത്തിനും കാര്യമായ കേടുപാടുണ്ടായില്ല എന്ന് അധികൃതർ അറിയിച്ചു. ഷാർജയിൽ നിന്ന് കണ്ണൂരിലേക്ക് എത്തുന്ന വിമാനത്തിൽ ഇവരെ ഉച്ചയോടെ അബുദാബിയിലേക്ക് എത്തിക്കുമെന്ന് എയർ ഇന്ത്യ അറിയിച്ചു.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ന്യൂ ചണ്ഡീഗഡിൽ ഉച്ചയ്ക്ക് 1:30 ന് മത്സരം ആരംഭിക്കും.

✪✪✪

വനിതാ ഹോക്കി ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 5.30ന് ഹാങ്ഷൗവിൽ ആണ് മത്സരം.

✪✪✪

ഇക്കൊല്ലത്തെ ചാമ്പ്യൻസ് ബോട്ട് ക്ലബ് ലീഗിന് ഒരുക്കങ്ങൾ തുടങ്ങി. അടുത്ത വെള്ളിയാഴ്ച കുട്ടനാട്ടിലെ കൈനകരിയിലാണ് ആദ്യ മത്സരം.

✪✪✪

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുണ്ടായ അരി ക്ഷാമത്തിനും പട്ടിണിയ്ക്കും പരിഹാരമായി ഇടുക്കിയിലെ ഉൾക്കാട്ടിൽ തുടങ്ങിയ നെൽ കർഷക ഗ്രാമമാണ് മക്കുവള്ളി. ദിവാൻ ഭരണകാലത്ത് ജനങ്ങളെ കുടിയിരുത്തി നെൽകൃഷി തുടങ്ങിയ മക്കുവള്ളിയിലെ വയലുകളിൽ ഇന്നും നെല്ലുൽപ്പാദനമുണ്ട്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.....(വോയ്സ്)...........

✪✪✪

പത്തനംതിട്ടയിൽ യുവാക്കളെ ഹണി ട്രാപ്പിൽ കുടുക്കി ക്രൂരമായി മർദിക്കുകയും മൊബൈൽ ഫോണും പണവും തട്ടിയെടുക്കുകയും ചെയ്ത ദമ്പതികൾ അറസ്റ്റിലായി. കോഴഞ്ചേരിക്ക് സമീപം ചരൽക്കുന്ന് സ്വദേശികളായ ജയേഷ്, രശ്മി എന്നിവരാണ് തട്ടിപ്പു നടത്തിയത്. ജില്ലാ പൊലീസ് മേധാവിയുടെ മേൽനോട്ടത്തിലാണ് അന്വേഷണം പുരോഗമിക്കുന്നത്.

✪✪✪

കോഴിക്കോട്ട് പഴയകാല ഫുട്ബോൾ താരങ്ങളുടെ കൂട്ടായ്മയും, സംസ്ഥാന ജൂനിയർ ടൂർണമെന്റ് ജേതാക്കളായ കോഴിക്കോട് ജില്ലാ ടീമിന്റെ സ്വീകരണവും വൈകിട്ട് സംഘടിപ്പിക്കും. മുതിർന്ന സ്പോർട്സ് ലേഖകൻ K അബൂബക്കർ കോർപറേഷൻ സ്റ്റേഡിയ ഹാളിൽ പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

'അക്ഷരക്കൂട്ട്" എന്ന പേരിൽ കുട്ടികളുടെ സാഹിത്യോത്സവം അടുത്ത വ്യാഴം, വെള്ളി ദിവസങ്ങളിൽ തിരുവനന്തപുരത്ത് നടത്തുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. സംസ്ഥാനത്തെ ഗവൺമെന്റ് വിദ്യാലയങ്ങളിലെ 137 വിദ്യാർത്ഥികൾ എഴുതി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രദർശനമാണ് പരിപാടിയുടെ പ്രധാന ആകർഷണം. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ SIET ആണ് സാഹിത്യോത്സവം സംഘടിപ്പിക്കുന്നത്.

✪✪✪

---

***News Editor : പി ചന്ദ്രബാബു***
***News Reader: ഫസ്ന ഫാത്തിമ***
***NRTs: അനിൽ ചന്ദ്രൻ***
***DEO : ഷീബ***